# Annexure II

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാങ്കേതിക വിദ്യാഭ്യാസം- **സർ**ക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ- ഹോസ്റ്റൽ അഡ്മിഷൻ- പുതുക്കിയ ഭേദഗതി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

G.O.(Rt)No.1491/2021/HEDN തീയതി,തിരുവനന്തപുരം, 10/11/2021

പരാമർശം:-
1. 28.02.2016 തീയതിയിലെ സർക്കുലർ നമ്പർ. H.Edn-ജി1/92/2016/H.Edn.
2. 13.07.2017 തീയതിയിലെ G.O (Ms) 190/2017/H.Edn നമ്പർ ഉത്തരവ്
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 08.11.2021 തീയതിയിലെ ACB1/36948/21/ഡി.ടി.ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഹോസ്റ്റലുകളിൽ അഡ്മിഷൻ നടത്തുന്നതിനു മുൻഗണ (1)-ൽ വരുന്ന SC/ST/PH/BPL/OTHER STATES/GOVERNMENT OF INDIA NOMINEES എന്നീ വിഭാഗങ്ങൾക്ക് ആകെ 20 ശതമാനം സീറ്റ് നൽകികൊണ്ടും, പൊതു വിഭാഗത്തിലെ അഡ്മിഷൻ മെറിറ്റിന്റേയും ദൂരത്തിന്റേയും അടിസ്ഥാനത്തിലും ആക്കികൊണ്ടു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ നിലവിലുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ലേഡീസ്/മെൻസ് ഹോസ്റ്റലുകളിൽ മുൻഗണന ( 1 ) പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ നിന്നും അപേക്ഷ ലഭിച്ചതിൽ ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾക്ക് മാത്രമാണ് അഡ്മിഷൻ ലഭിച്ചത് എന്നും നിലവിലെ ഹോസ്റ്റൽ അഡ്മിഷൻ ലഭിക്കുന്ന മാർഗ്ഗനിർദ്ദേശത്തിൽ മാറ്റം വരുത്തി മുൻഗണന ( 1 ) ഭാഗങ്ങളിലുള്ള കുട്ടികൾക്ക് പരിധിയില്ലാതെ മുഴുവൻ അപേക്ഷകർക്കും ഹോസ്റ്റൽ നൽകുക, പൊതു വിഭാഗത്തിൽ അഡ്മിഷൻ നൽകുന്നത് മെറിറ്റിന്റേയും ദൂരത്തിന്റേയും അടിസ്ഥാനത്തിലാകണം എന്ന നിബന്ധന മെറിറ്റിന്റേയും കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലും ആക്കണമെന്ന് പരാമർശം 3 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഹോസ്റ്റലുകളിൽ അഡ്മിഷൻ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മുൻ ഗണന (1)-ൽ വരുന്ന SC/ST/PH/BPL/OTHER STATES/GOVERNMENT OF INDIA NOMINEES വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് പരിധിയില്ലാതെ മുഴുവൻ അപേക്ഷകർക്കും ഹോസ്റ്റൽ സീറ്റ് അനുവദിച്ചും;
2. പൊതു വിഭാഗത്തിൽ അഡ്മിഷൻ നൽകുന്നത് മെറിറ്റിന്റേയും ദൂരത്തിന്റേയും അടിസ്ഥാനത്തിലാകണം എന്ന നിബന്ധന മെറിറ്റിന്റേയും കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലും ആക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C Ajayan
Additional Secretary

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം.

പ്രിൻസിപ്പൽ, എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾക്കും (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ